DEPARTMENT OF AGRICULTURE
FARM INFORMATION BUREAU
FARM NEWS

19-11-2018

കാർഷികമേഖലാവാർത്തകൾ

# വിള ഇൻഷ്വറൻസ് പദ്ധതി

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയ്ക്കു പുറമേ കർഷകർക്ക് PMFBY(പ്രധാനമന്ത്രി ഫസൽഭീമായോജന) അല്ലെങ്കിൽ WBCIS (കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്) പദ്ധതി ഏതെങ്കിലുമൊന്നിൽ നിന്നുമുള്ള പരിരക്ഷകൂടി നേടാവുന്നതാണ്. കേന്ദ്ര സംസ്ഥാന സർക്കാരുകൾ സംയുക്തമായി നടപ്പിലാക്കുന്ന ഈ പദ്ധതിയിൽ ആലപ്പുഴ, കോട്ടയം, പത്തനംതിട്ട ജില്ലകളിലെ നെല്ല്, വാഴ, മരിച്ചീനി എന്നീ വിളകൾക്ക് പ്രധാനമന്ത്രി ഫസൽഭീമായോജന പദ്ധതി പ്രകാരവും മറ്റ് ജില്ലകളിലെ നെല്ല്, വാഴ (തിരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ) മാവ്, കശുമാവ്, കരിമ്പ്, മറ്റ് വിജ്ഞാപിത വിളകൾ എന്നിവയ്ക്ക് കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും ഇൻഷ്വറൻസ് കവറേജ് നൽകുന്നു. ഖാരിഫ്, റാബി സീസണുകളിൽ യഥാക്രമം ജൂലൈ 15, ഡിസംബർ 15 വരെയാണ് കർഷകർക്ക് പദ്ധതിയിൽ ചേരുന്നതിനുള്ള സമയം. പ്രധാനമന്ത്രി ഫസൽഭീമായോജന പദ്ധതി പ്രകാരം വെള്ളപ്പൊക്കം, മണ്ണിടിച്ചിൽ എന്നിവ മൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് പദ്ധതി മാനദണ്ഡപ്രകാരം വ്യക്തിഗത ഇൻഷ്വറൻസ് കവറേജ് നൽകുന്നതാണ്. കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ്

പദ്ധതി നടപ്പിലാക്കുന്ന സ്ഥലങ്ങളിൽ ബന്ധപ്പെട്ട കാലാവസ്ഥാകേന്ദ്രങ്ങൾ രേഖപ്പെടുത്തുന്ന കാലാവസ്ഥാ വ്യതിയാനത്തിനാണ് പദ്ധതി മാനദണ്ഡങ്ങൾക്ക് വിധേയമായി നഷ്ടപരിഹാരം നിർണയിക്കുന്നത്. ഈ പദ്ധതികളിൽ കർഷകർക്ക് അക്ഷയ/ജനസേവനകേന്ദ്രങ്ങൾ, ബാങ്കുകൾ, അംഗീകൃത ബ്രോക്കിംഗ് സ്ഥാപനങ്ങൾ, മൈക്രോഇൻഷ്വറൻസ് ഏജന്റ് എന്നിവർ മുഖാന്തരം പദ്ധതിയിൽ ചേരാവുന്നതാണ്. website:www.pmfby.gov.in

## ആടുവളർത്തൽ പരിശീലനം

കേരള സർവ്വകലാശാലയുടെ കീഴിലുള്ള മണ്ണുത്തി കമ്മ്യൂണിക്കേഷൻ സെന്ററിൽ **ആടുവളർത്തൽ** എന്ന വിഷയത്തിൽ ഈ മാസം 27-ാം തീയതി ഒരു ദിവസത്തെ പരിശീലന പരിപാടി നടത്തുന്നു. ആടുവളർത്തൽ, കൂടിന്റെ നിർമ്മാണം, തീറ്റക്രമങ്ങൾ, ചികിൽസാ ക്രമങ്ങളും കുത്തിവയ്പും, മറ്റു പരിപാലന മുറകൾ എന്നിവയിലെല്ലാം വിദഗ്ധർ പരിശീലനം നൽകുന്നു. രജിസ്ട്രേഷൻ ഫീസ് 500 രൂപ. പങ്കെടുക്കാൻ താല്പര്യമുള്ളവർ 0487-2370773, 9447789728 എന്നീ ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

## പരിശീലനം

കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള കൊട്ടാരക്കര സദാനന്ദപുരം കൃഷി സമ്പ്രദായ ഗവേഷണ കേന്ദ്രത്തിൽ സൗജന്യമായി നടത്തുന്ന പവ്വർ ടില്ലർ, തെങ്ങുകയറ്റ യന്ത്രങ്ങൾ, ബ്രഷ്കട്ടർ, മിനി ടില്ലർ

എന്നീ കാർഷിക യന്ത്രങ്ങളിലുള്ള പ്രായോഗിക പരിശീലനത്തിന് താല്പര്യമുള്ള കർഷകർ/യുവതീ യുവാക്കൾ 0474-2663535 എന്ന ഫോൺ നമ്പരിൽ ഈ മാസം 19,21 തീയതികളിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണെന്ന് ഗവേഷണകേന്ദ്രം പ്രൊഫസ്സർ ആന്റ് ഹെഡ് അറിയിച്ചു.

## കൂൺകൃഷിയും പരിപാലനം

കൂൺകൃഷിയും പരിപാലനവും എന്ന വിഷയത്തെ പറ്റി ഒരു ദിവസത്തെ ക്ലാസ്സ് ഇൻസ്ട്രക്ഷണൽ ഫാം, കേരള അഗ്രികൾച്ചർ യൂണിവേഴ്സിറ്റി, വെള്ളാനിക്കരയിൽ 27.11.2018 ന് രാവിലെ 9 മുതൽ വൈകുന്നേരം 5 വരെ നടത്തുന്നു. പങ്കെടുക്കുവാൻ താല്പര്യമുള്ളവർ കൂടുതൽ വിവരങ്ങൾക്ക് **7902386284, 8078056558** എന്നീ നമ്പറിൽ ബന്ധപ്പെടുക.

## പീരുമേട് ഡെവലപ്മെന്റ് സൊസൈറ്റി - അറിയിപ്പ്

ഇന്ത്യ ഗവൺമേന്റിന്റെ ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിൽ സ്ഥാപിതമായിരിക്കുന്ന സ്വയംഭരണസ്ഥാപനമായ നാഷണൽ ഇന്നോവേഷൻ ഫൗണ്ടേഷൻ ഹണീബി നെറ്റ് വർക്കിന്റെ സഹകരണത്തോടെ നടത്തുന്ന സാധാരണക്കാരുടെ കണ്ടുപിടുത്തങ്ങൾക്കും വേറിട്ട പാരമ്പര്യ അറിവുകൾക്കും 11-ാമത് ദേശീയ മത്സരത്തിന് അപേക്ഷകൾ ക്ഷണിച്ചുകൊള്ളുന്നു. ഗ്രാമീണനഗര മേഖലകളിലെ വ്യക്തികൾ, കർഷകർ, കൈത്തൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, വർക്ക്ഷോപ്പ് മെക്കാനിക്കുകൾ, ചേരിനിവസികൾ, സ്ത്രീകൾ, നാട്ടുകൂട്ടങ്ങൾ, മത്സ്യബന്ധനവുമായി ബന്ധപ്പെട്ട തൊഴിലുകളിൽ ഏർപ്പെട്ടിരിക്കുന്നവർ എന്നിവർക്ക് അപേക്ഷിക്കാം. കാർഷി കാർഷികേതര പ്രവർത്തനങ്ങൾക്ക് ഉപയുക്തമാകുന്നയന്ത്രങ്ങൾ, ഉല്പന്നങ്ങൾ, നിർമ്മാണ രീതികൾ, ഊർജ്ജസംരക്ഷണം, മനുഷ്യപ്രയത്നം കുറയ്ക്കുന്നതിനുള്ള യന്ത്രങ്ങൾ, സസ്യഇനങ്ങൾ,

സസ്യങ്ങളുടെ വിവിധ ഉപയോഗം, മൃഗപരിപാലനം, പുതിയ രുചികൂട്ടുകൾ, പലഹാരങ്ങൾ, കറിക്കൂട്ടുകൾ, പാനീയങ്ങൾ മുതലായവ. നാടൻ ചികിത്സാ രീതികൾ, മരുന്നുകൾ എന്നിവയിലേതുമാകാം കണ്ടുപിടുത്തങ്ങൾ. കണ്ടുപിടുത്തങ്ങൾ പുറത്തുനിന്നും സാമ്പത്തിക സാങ്കേതിക സഹായം കൂടാതെ സ്വന്തമായി വികസിപ്പിച്ചവയാകണം. സ്ത്രീകളുടെ കണ്ടുപിടുത്തങ്ങൾക്കും, വികലാംഗരുടെ കണ്ടുപിടുത്തങ്ങൾക്കും പ്രത്യേക അവാർഡ് നൽകുന്നതായിരിക്കും. സാങ്കേതിക വികസനത്തിനുതകുന്ന മികച്ച ആശയങ്ങൾക്കും സ്കൂളിൽ പഠിക്കുന്ന വിദ്യാത്ഥികൾക്കും ഇടയ്ക്ക് വച്ച് പഠനം നിർത്തിയവർക്കും അവരുടെ സ്വന്തം ആശയങ്ങൾ അയയ്ക്കാം. . ഇത് കൂടാതെ മികച്ച കണ്ടുപിടുത്തങ്ങൾ കണ്ടെത്തുവാനും സഹായിച്ച മികച്ച സ്ഥാപനങ്ങൾ, വ്യക്തികൾ സാധാരണക്കാരുടെ കണ്ടുപിടുത്തങ്ങൾക്ക് മൂല്യവർദ്ധനവ് നടത്തിയ ശാസ്ത്രജ്ഞർ, സാധാരണക്കാരുടെ കണ്ടുപിടുത്തങ്ങൾ പ്രോത്സാഹിപ്പിക്കുന്ന ലേഖനങ്ങൾ പ്രസിദ്ധീകരിച്ച പത്രപ്രവർത്തകർ എന്നിവർക്ക് പ്രത്യേകം അവാർഡുകൾ നൽകുന്നതായിരിക്കും. 2018 ഡിസംബർ 31 നകം കേരളത്തിലെ സംഘാടകരായ പീരുമേട് ഡവലപ്മെന്റ് സൊസൈറ്റിയിലേക്ക് അയച്ചു തരേണ്ടതാണ്. അപേക്ഷകൾ അയയ്ക്കേണ്ട വിലാസം എൻ ഐ എഫ് കോ- ഓർഡിനേറ്റർ - കേരള, പീരുമേട്, പി.ബി. നമ്പർ 11, പിൻ 685531. ഫോൺ 04869-232197, 9497682177. കൂടുതൽ വിവരങ്ങൾക്ക് pdslandtolab.org എന്ന വെബ്സൈറ്റ് സന്ദർശിക്കുക.